(എ) ഏതു സമയത്തും തകർന്നുവീഴാവുന്ന നിലയിലുള്ള എറണാകുളം ജില്ലയിലുള്ള വൈപ്പിനിലെ ബോട്ടുജട്ടി പുനർനിർമ്മിക്കുന്നതിന് കോസ്റ്റർ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നൽകിയ 17.90 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം രണ്ടു പ്രാവശ്യം ടെണ്ടർ വിളിച്ചിട്ടും ഒരാൾപോലും സഹകരിക്കാത്ത സാഹചര്യത്തിൽ തുടർ നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാരനുമായി ഇറിഗേഷൻ വകുപ്പ് നേരിട്ട് ചർച്ചചെയ്തപ്പോൾ എസ്റ്റിമേറ്റ് തുകയെക്കാൾ 230 ശതമാനം കൂട്ടി മാത്രമേ പണി നടത്താൻ കഴിയൂ എന്ന് പറഞ്ഞതിനാലും ഇതിനേക്കാൾ ഭേദപ്പെട്ട ഓഫർ കിട്ടുകയില്ല എന്നതിനാലും ഈ കരാറുകാരന് പണി നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകുമോ?

ഉത്തരം

(എ)&(ബി) 3.8.98-ൽ 17.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഈ പണി നടത്തുന്നതിലേക്കായി 28.10.98-ലും 10.12.98-ലും തൃശ്ശൂർ ഇറിഗേഷൻ വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ ദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. എന്നാൽ കരാറുകാരിൽനിന്നും ഈ രണ്ടു ദർഘാസുകൾക്കും പ്രതികരണം ലഭിക്കാതിരുന്നതിനാൽ നെഗോഷ്യേറ്റഡ് ക്വട്ടേഷനുകൾ ക്ഷണിക്കുകയുണ്ടായി. ഇപ്രകാരം ലഭിച്ച രണ്ടു ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് റേറ്റ് ലഭിച്ചിട്ടുള്ളത് എസ്റ്റിമേറ്റിൽനിന്നും 225 ശതമാനം കൂടുതലാണ്. ക്വട്ടേഷൻ ഉയർന്ന നിരക്കിലുള്ളതായതിനാൽ സർക്കാർ അംഗീകാരം ലഭിക്കുന്നതിനായി ചീഫ് എൻജിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) സമർപ്പിച്ചിട്ടുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

നിലവിലുള്ള നിബന്ധനകൾ പ്രകാരം സർക്കാർതലത്തിൽ നിയുക്തമായ 'ടെണ്ടർ' കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

85 (481) സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പൊതുമാനദണ്ഡം ജലസേചനം, തൊഴിൽ, ഇ.എസ്.ഐ തുടങ്ങിയ വകുപ്പുകളിലും കേരള വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പൊതുമാനദണ്ഡം ലംഘിച്ച എൻജിനീയർമാരെയും മറ്റ് ഉദ്യോഗസ്ഥൻമാരേയും സ്ഥലംമാറ്റിയതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ജലസേചനം, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽ എത്ര എൻജിനീയർമാരെ സ്ഥലംമാറ്റിയിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഒരുവർഷം കഴിഞ്ഞവരും രണ്ട് വർഷത്തിൽ താഴെയുള്ളവരും എത്ര പേരുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാന സർക്കാരിന് വാട്ടർ അതോറിറ്റിയുടെമേൽ എന്തെല്ലാം അധികാരങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതു താൽപ്പര്യം മുൻനിർത്തി, ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണറായിരുന്ന റിട്ടയേർഡ് ജോയിന്റ് ലേബർ കമ്മീഷണർ ശ്രീ. എം. മോഹനചന്ദ്രബാബുവിനെ കക്കാട് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലെ ജോയിന്റ് ലേബർ കമ്മീഷണറായി സ്ഥലംമാറ്റി നിയമിച്ചിരുന്നു. ഇത് സംബന്ധിച്ച് ശ്രീ. മോഹനചന്ദ്രബാബുവിന്റെ ഭാര്യ ശ്രീമതി സി. രമണിയുടെ പരാതി സർക്കാരിന് ലഭിച്ചിരുന്നു. കൂടാതെ ഒരു ഹെഡ് ക്ലാർക്കിന്റെ സ്ഥലം മാറ്റം സംബന്ധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(സി) ജലസേചന വകുപ്പിൽ 142 എൻജിനീയർമാരേയും കേരള വാട്ടർ അതോറിറ്റിയിൽ 111 എൻജിനീയർമാരേയും സ്ഥലംമാറ്റിയിട്ടുണ്ട്.

ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ജലസേചന വകുപ്പിൽ പതിനാറ് പേരും കേരള വാട്ടർ അതോറിറ്റിയിൽ മുപ്പത്താറ് പേരും ഉണ്ട്.

(ഇ) ഒരു അർദ്ധസർക്കാർ സ്ഥാപനത്തിൻമേലുള്ള സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വയംഭരണാധികാരമാണ് വാട്ടർ അതോറിറ്റിക്കുള്ളത്.

86 (482) സംസ്ഥാനത്തിന്റെ തൊഴിൽനയം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തൊഴിൽനയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 1.6.1998 മുതൽ 31.5.1999 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ എത്ര തൊഴിൽസമരങ്ങളുണ്ടായി എന്ന് വിശദമാക്കുമോ;

(ഡി) തൊഴിൽസമരങ്ങൾമൂലം ഈ കാലയളവിൽ എത്ര ഫാക്ടറികൾ ലോക്കൗട്ട് ചെയ്യുകയോ പൂട്ടിയിടുകയോ ചെയ്തുവെന്ന് അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly